**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 101** **10-10-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം രംഗത്തെ അനന്തസാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്തെ ഒരു ടൂറിസം ഹബ്ബ് ആക്കി മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിന്റെ ഭൂപ്രകൃതി , സംസ്കൃതി, കാലാവസ്ഥ മുതലായ ഘടകങ്ങൾ കേരളത്തെ ഒരു ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് ഏറ്റവും അനുയോജ്യമാണെന്നാണ് വിലയിരുത്തുന്നത്.<br><br>കേരള സംസ്ഥാനത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ ഭാഗമായി വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളുടെ വികസനം, പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ കണ്ടെത്തി വികസിപ്പിക്കൽ, നൂതന പദ്ധതികൾ പുതിയ ഉത്പന്നങ്ങൾ രംഗത്തിറക്കൽ തുടങ്ങിയവയിലൂടെ കേരളത്തെ ടൂറിസം ഹബ്ബാക്കി മാറ്റാനാണ് ശ്രമിക്കുന്നത്. ടൂറിസം മേഖലയിലെ മാറ്റങ്ങൾക്ക് അനുസരിച്ച് കേരളത്തിലെ ടൂറിസത്തെ സജ്ജമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ് . ഹെലി ടൂറിസം, വെഡിംങ് ടൂറിസം, സിനി ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം തുടങ്ങിയ പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കുന്നതിനും ദേശീയ/അന്താരാഷ്ട്ര ഫെയറുകൾ സംഘടിപ്പിക്കുക, ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ് .<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/ അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക |

| | | | |
|---|---|---|---|
| | | | കലാകാരന്മാർ വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>പൈതൃക പദ്ധതികൾക്കൊപ്പം തീർത്ഥാടന ടൂറിസം പദ്ധതിയും നടപ്പിലാക്കുന്നു.. 'ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ' എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം, ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ പൂർത്തീയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം ഹോസ്പിറ്റാലിറ്റി മേഖലയും ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | കായൽ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം മേഖലയിൽ അന്തർദേശീയ നിലവാരം നിലനിർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോയെന്നു അറിയിക്കുമോ? | (ബി) | കായൽ ടൂറിസം ഉൾപ്പെടെയുള്ള ടൂറിസം മേഖലയിൽ അന്തർദേശീയ നിലവാരം നിലനിർത്തുന്നതിന് കായൽ ടൂറിസവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. നിരവധി സ്ഥലങ്ങളിൽ ഹൗസ് ബോട്ട് ടെർമിനലുകളും നൈറ്റ് ഹാൾട്ട് സെന്ററുകളും കായലോരങ്ങളിൽ നടപ്പാതകളും വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കായൽ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ കണക്കിലെടുത്ത് തദ്ദേശ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ ഈ മേഖലയിലെ വിനോദസഞ്ചാര വികസനത്തിന് അനുയോജ്യമായതും പരിസ്ഥിതിക്ക് |

| | | | |
|---|---|---|---|
| | | | ഇണങ്ങുന്നതുമായ കൂടുതൽ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ